# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 390

## 03/03/2020 ലെ മറുപടിക്ക്

**പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കലണ്ടർ സംവിധാനം**

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ മാർക്ക് അനുവദിച്ചിട്ടുള്ള വിവിധ ഫണ്ടുകൾ വിനിയോഗിച്ച് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു അവലോകനയോഗം എല്ലാ മാസവും നിർബന്ധമായും കൂട്ടുന്നതിന് അതാത് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | 29/12/2017 ലെ സ.ഉ(പി)നം.161/2017/ധന ഉത്തരവ് 3.2.4, മുതൽ 3.2.6 വരെയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം എം എൽ എ മാർ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സമയപരിധി നിഷ്കർഷിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗതി സംബന്ധിച്ച റിപ്പോർട്ട് 4 മാസത്തിലൊരിക്കൽ ജില്ലാ കളക്ടർമാർ എം എൽ എ മാർക്ക് നൽകേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനുള്ള കമ്മിറ്റികൾ കളക്ടറുടെ നേതൃത്വത്തിൽ രൂപീകരിക്കേണ്ടതും പദ്ധതിയുടെ അവലോകനം ചെയ്യേണ്ടതുമാണെന്നും പദ്ധതിയുടെ പുതുക്കിയ പ്ലാനുകളും എസ്റ്റിമേറ്റുകളും ഈ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 04/08/2018 ലെ സ.ഉ(പ ി)നം.119/2018/ധന ഉത്തരവ് പ്രകാരമുള്ള നിയോജകമണ്ഡല ആസ്തി വികസന നിധിയുടെ നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം പ്രവൃത്തികളും അവയുടെ പുരോഗതി സംബന്ധിച്ച് ഒരു ത്രൈമാസ റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ എം എൽ എ യ്ക്ക് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു കലണ്ടർ സംവിധാനം ഒരുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ